## താലൂക്ക് ഹെഡ്കാർട്ടേഴ്സ് ഹോസ്പിറ്റലുകളിൽ സ്റ്റാഫ് പാറ്റേൺ

* 868. [10] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ഹെഡ്കാർട്ടേഴ്സ് ഹോസ്പിറ്റലുകളിൽ പൊതുവായ ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ടോ; അതോ കിടക്കകളുടെ എണ്ണമനുസരിച്ചാണോ സ്റ്റാഫിനെ നിശ്ചയിക്കുന്നത് ;

(ബി) ചില ഡിസ്പെൻസറികൾ, ഹോസ്പിറ്റലായിട്ട് ഉയർത്തിയതിനു ശേഷവും കൂടുതൽ സ്റ്റാഫിനെ അനുവദിച്ചിട്ടില്ല എന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുനലൂർ ഹോസ്പിറ്റലിൽ ക്ലർക്ക്, ക്ലീനേഴ്സ് തുടങ്ങിയവരെ സംബന്ധിച്ചിടത്തോളം ഡിസ്പെൻസറിയായിരുന്ന കാലത്തു് ഉണ്ടായിരുന്ന സ്റ്റാഫ് മാത്രമാണ് ഇപ്പോഴുമുള്ളതു് എന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഹോസ്പിറ്റലിൽ ആവശ്യമായ പുതിയ പോസ്റ്റുകൾ അനുവദിക്കാൻ സത്വര നടപടികൾ സ്വീകരിക്കാൻ യെവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഈ സ്റ്റേറ്റിലെ എല്ലാ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും പൊതുവായ ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ട്. അതു് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾക്കും ബാധകമാണ്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കിടക്കകളുടെ സംഖ്യ അനുസരിച്ചാണുള്ളതു്.

(ബി) ഡിസ്പെൻസറികൾ ഹോസ്പിറ്റലുകളായി ഉയർത്തി എന്നതിന്റെ മാത്രം അടിസ്ഥാനത്തിൽ കൂടുതൽ സ്റ്റാഫ് അനുവദിക്കാൻ നിവൃത്തിയില്ല. ഹോസ്പിറ്റലുകളായി മാറുന്നതിനോടൊപ്പം കിടക്കകളുടെ എണ്ണത്തിൽ വർദ്ധനവു് ഉണ്ടെങ്കിൽ മാത്രമേ കൂടുതൽ സ്റ്റാഫ് അനുവദിക്കുകയുള്ളൂ.

(സി, ഡി) പുനലൂർ ആശുപത്രിക്ക് കൂടുതൽ സ്റ്റാഫ് കഴിഞ്ഞ ജൂലായിൽ അനുവദിച്ചിട്ടുണ്ട്. ഒരു ക്ലർക്കിന്റെ തസ്തികകൂടി അനുവദിക്കുന്നതിനു് സത്വരനടപടികൾ എടുക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : ഡിസ്പെൻസറികൾ ഹോസ്പിറ്റലുകളായി ഉയർത്തുമ്പോൾ കിടക്കകളുടെ എണ്ണം വർദ്ധിക്കും. അങ്ങനെ വർദ്ധിച്ചിട്ടും ഇതുവരെ ആവശ്യമുള്ള സ്റ്റാഫിനെ നിയമിച്ചിട്ടില്ലെന്ന വസ്തുത പരിഗണിച്ചുകൊണ്ട് അടിയന്തിരമായി നിയമനം നടത്തുന്നതിനു് സത്വരനടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നിയമനം നടത്തിക്കഴിഞ്ഞിട്ടുണ്ടോയെന്ന തീർച്ച പറയുവാൻ നിവൃത്തിയില്ല. ജൂലൈ അവസാനത്തോടുകൂടി നിയമനം നടത്തുന്നതിനു് ആവശ്യമായ നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. അതനുസരിച്ചു് ആവശ്യമായ നടപടികൾ എടുത്തുവരുന്നുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ : താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ നിലവിലുണ്ടായിരുന്ന ഓണററി ഡാക്ടറന്മാരെ നിയമിക്കുന്ന സമ്പ്രദായം വേണ്ടെന്നു വച്ചിട്ടുണ്ട്. അങ്ങനെ നിലവിലുണ്ടായിരുന്ന ഓണററി ഡാക്ടറന്മാർക്കു് ജോലിയില്ലാതായിട്ടുണ്ട്. ഇതിനു് എന്താണു കാരണം ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയുള്ള താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ ഓണററി ഡാക്ടറന്മാരെ നിയമിക്കാൻ കഴിഞ്ഞ ഒക്ടോബർ 1-ാം തീയതി മുതൽ അതിലേക്കാവശ്യമായ റൂംസ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി അതു പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമനങ്ങളും നടത്തിക്കഴിഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ പ്രദേശത്തു് 94 ഓണററി ഡാക്ടറന്മാരുടെ പോസ്റ്റു് ഉണ്ടെന്നാണറിയുന്നതു്. അതനുസരിച്ചു് ആവശ്യമുണ്ടെന്നു കണ്ടിടത്തെല്ലാം നിയമിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ചെങ്ങന്നൂർ ഗവണ്മെന്റു് ടി. ബി. ക്ലിനിക്കിൽ ആഹാരം കൊടുക്കുന്നതിനു ടെൻഡർ ക്ഷണിച്ചു എന്നു പറഞ്ഞു. എന്നാൽ ആഹാരം പാകം ചെയ്യുന്നതിനു് ഒരു കുക്കിനെ നിയമിക്കാത്തതുകൊണ്ടു് രോഗികളംതന്നെ പാകംചെയ്തു് കഴിക്കേണ്ടിവരുന്നു. ഇതുവരേയും അവിടെ ഒരു കുക്കിനെ നിയമിച്ചിട്ടില്ലെന്നാണറിയുന്നതു്. വർഷാവസാനമെങ്കിലും അവിടെ ഒരു കുക്കിനെ നിയമിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുമ്പുതന്നെ മറുപടി പറഞ്ഞതാണു്, ചെങ്ങന്നൂർ മാത്രമല്ല മറ്റു കുറെ സ്ഥാപനങ്ങളിൽ ഇതുപോലെ കുക്കിനെ നിയമിച്ചിട്ടില്ല. ഇങ്ങനെ ഉള്ള സ്ഥലങ്ങളിൽ കുക്കിനെ നിയമിക്കുന്നതിനാവശ്യമായ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കുക്കിനെ നിയമിക്കാത്തതുകൊണ്ടു് ആഹാരാവശ്യത്തിനു കൊടുക്കുന്ന സാധനങ്ങളും വീട്ടിൽ കൊണ്ടുപോയി പാകം ചെയ്യുകയോ, അവിടെയിട്ടു പാകം ചെയ്യുകയോ വേണം. ഇതുകൊണ്ടു് വളരെയധികം അസൗകര്യങ്ങളും ഉണ്ടെന്നുള്ളതു് ശ്രദ്ധയിൽപ്പെട്ടിട്ടും എന്താണു് കാലതാമസം വരുത്തുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതനുസരിച്ചാണു് സത്വരനടപടികളും എടുത്തുകൊണ്ടിരിക്കുന്നതു്. ചിലയിടത്തു് ഇതിനകംതന്നെ അനുവദിച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഓണററി സിസ്റ്റം തുടർന്നുവരുന്നു എന്നു പറഞ്ഞു. എന്നാൽ പെരുന്തൽമണ്ണ–ഒറ്റപ്പാലം താലൂക്കു് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കഴിഞ്ഞ കുറേക്കാലമായി ഓണററി ഡോക്ടറന്മാരുടെ പോസ്റ്റുകളും എടുത്തുകളഞ്ഞിരിക്കുന്നു എന്നും, അവിടെ മാത്രം ഓണററി ഡോക്ടറന്മാരെ നിശ്ചയിച്ചിട്ടില്ല എന്നും ഉള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവിടെ ഓണററി പോസ്റ്റുകളും അനുവദിക്കുന്നതിനുള്ള നടപടികളും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സർ, ഈ പ്രത്യേക ആശുപത്രികളിൽ എടുത്തുകളഞ്ഞോ എന്നറിഞ്ഞുകൂടാ. 94 പോസ്റ്റുകളും റീ ഡിസ്ട്രിബ്യൂഷൻ നടത്തി. കൂടുതൽ ആവശ്യമാണെന്നു കാണുന്നിടത്തു് ട്രാൻസ്ഫർ ചെയ്യുന്നുണ്ടു്. ആവറേജ് പേഷ്യൻസിന്റെ എണ്ണമനുസരിച്ചാണു് നിയമിക്കുന്നതു്. ഇങ്ങനെ ചിലയിടത്തു ട്രാൻസ്ഫർ ചെയ്തിട്ടുള്ളതല്ലാതെ മനപൂർവ്വമായിട്ടു് ഒരു സ്ഥലത്തും നിറുത്തിയിട്ടില്ല.

ശ്രീ. കെ. ഹസ്സൻഗനി : കിടക്കകളുടെ എണ്ണമനുസരിച്ചാണു് ഹോസ്പിറലുകളിൽ മരുന്നു് സപ്ലൈ ചെയ്യുന്നതു്. എല്ലാ ഹോസ്പിറലുകളിലും കിടക്കകളേക്കാൾ മൂന്നിരട്ടി ഇൻപേഷ്യൻസ് ഉള്ളതുകൊണ്ടു് ഏതെങ്കിലും തരത്തിൽ റിവൈസു് ചെയ്യുന്നതിനു് നടപടികളും സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കിടക്കകളുടെ അടിസ്ഥാനത്തിലാണു് മരുന്നു് സപ്ലൈ ചെയ്യുന്നതു് എന്നു പറയുന്നതു ശരിയല്ല. ആകെയുള്ള ഇൻപേഷ്യൻറ്സിന്റെയും ഔട്ടു്പേഷ്യൻറ്സിന്റെയും എണ്ണമനുസരിച്ചാണു് മരുന്നു സപ്ലൈ ചെയ്യുന്നതു്. കിടക്കകളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി ഒരിക്കലും കൊടുക്കാറില്ല.

ശ്രീ. എം. എം. മത്തായി : തിരുവനന്തപുരത്തുള്ള മാനസികരോഗാശുപത്രിയായ ഉൗളമ്പാറയിൽ ഇപ്പോൾ ആയിരക്കണക്കിനു രോഗികളുണ്ടു്. അവിടെ വേണ്ടത്ര സ്റ്റാഫ് ഇല്ല. ഈ രോഗികളെയെല്ലാം പുറത്തേക്കു അഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിട്ടാൽ നാട്ടിൽ വളരെയധികം അസ്വാസ്ഥ്യം ഉണ്ടാകുമെന്നുള്ളതിനെ പരിഗണിച്ച് ആ ആശുപത്രിക്കുവേണ്ട കൂടുതൽ സ്റ്റാഫിനെ കൊടുക്കാൻ ശ്രമിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ആരേയും അഴിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. ഇതുവരെ അഴിച്ചുവിട്ടിട്ടുമില്ല. അവരുടെ ആവശ്യത്തിനുള്ളതായ സ്റ്റാഫ് ഉണ്ടെന്നാണ് തോന്നുന്നത്. പക്ഷേ, മൊത്തമായിട്ട് ചില സ്റ്റാഫിനെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. പ്രത്യേകിച്ചും നേഴ്സിനെ സംബന്ധിച്ച്. ഏതായാലും മെൻറൽ ഹോസ്പിറ്റലുകളിലെല്ലാംതന്നെ ആവശ്യമായ ഇംപ്രൂവ്മെൻറ് വരുത്താനുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്.

## കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനു ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി.

* 869. [11] ശ്രീ. തോമസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനു ഗവണ്മെൻറ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ നടപടി എത്രത്തോളമായി :

(ബി) കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള സത്വര നടപടി ദയവായി ഗവണ്മെൻറ് കൈക്കൊള്ളുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കുട്ടനാട്ടിലെ ശുദ്ധജലവിതരണത്തിനു വിപുലവും സമഗ്രവുമായ ഒരു പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(ബി) കുട്ടനാട് ജലവിതരണപദ്ധതിക്ക് വന്നേക്കാവുന്ന കാലതാമസം പരിഗണിച്ച് കുട്ടനാട്ടിലെ പല പഞ്ചായത്തുകളിലും ഇപ്പോഴുള്ള കുഴൽക്കിണറുകളിൽനിന്നും ജലവിതരണം നടത്തുന്നതിനുള്ള ഗ്രാമീണ ജലവിതരണ പദ്ധതികളും ആരംഭിച്ചുകഴിഞ്ഞു. ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്ന പദ്ധതിക്ക് വേണ്ടത്ര ധനസഹായവും അംഗീകാരവും ഇൻഡ്യാ ഗവണ്മെൻറിൽനിന്നു ലഭിച്ചാലുടനെ മേൽനടപടികളും കൈക്കൊള്ളുന്നതാണ്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : കുട്ടനാട്ടിലെ പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. വെള്ളം എവിടെനിന്നാണ് കിട്ടുവാൻ പോകുന്നത്. പുളിക്കീഴിൽ നിന്നാണോ, മറ്റു വല്ല പ്രദേശത്തുനിന്നുമാണോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : കൃത്യമായിട്ട് അതിൻെറ ഡീറ്റെയിൽസ് പറയാൻ നിവർത്തിയില്ല.

## ബസ്സുറൂട്ടുകളുടെ ദേശവൽക്കരണം.

* 870. [12] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഗതാഗതയോഗ്യമാക്കുന്ന റോഡുകളിൽക്കൂടെയുള്ള ബസ്സുറൂട്ട് ദേശവൽക്കരിക്കുന്നതിനു ഇന്നു വല്ല നിയമതടസ്സവുമുണ്ടോ ;

(ബി) ഇല്ലെങ്കിൽ അത്തരം റൂട്ടുകളിൽ സ്വകാര്യഉടമകൾക്ക് ബസ്സ് സർവ്വീസ് നടത്തുവാൻ അനുവാദം കൊടുക്കാതിരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly